23853

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി സായംപ്രഭ ഹോമുകളാക്കി മാറ്റുന്നതിനുള്ള ഭരണാനുമതിയും തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ(സാധാ)നം. 355/2017/സാനീവ തീയതി, തിരുവനന്തപുരം, 03/06/2017.

പരാമർശം : (1) സാമൂഹ്യനീതി ഡയറക്ടറുടെ 19.4.2017 ലെ ജി4/12620/17 നമ്പർ കത്ത്

(2) 26.4.2017 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്കു പുറമെ കെയർ ഗിവർമാരുടെ സേവനം, യോഗ/മെഡിറ്റേഷൻ, കൗൺസിലിംഗ്, വൈദ്യ പരിശോധന, പോഷകാഹാരം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവയെ 'സായംപ്രഭ ഹോമുകളായി' മാറ്റുന്നതിനുള്ള ഭരണാനുമതിക്കും ഈ ആവശ്യത്തിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 2235-02-104-82 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിന്നും 1,96,00,000 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതിക്കായും പരാമർശം (1) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ശുപാർശ 26/04/2017-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ചിട്ടുണ്ട്.

(2) ഈ സാഹചര്യത്തിൽ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്കു പുറമെ കെയർ ഗിവർമാരുടെ സേവനം, യോഗ/മെഡിറ്റേഷൻ, കൗൺസിലിംഗ്, വൈദ്യ പരിശോധന, പോഷകാഹാരം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇവയെ 'സായംപ്രഭ ഹോമുകളായി' മാറ്റുന്നതിനുള്ള ഭരണാനുമതിയും ഈ ആവശ്യത്തിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം 2235-02-104-82 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയിൽ നിന്നും 1,96,00,000 രൂപ (ഒരു കോടി തൊണ്ണൂറ്റിയാറ് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിനി ആന്റണി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ (എ & ഇ)) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പ്
സാമൂഹ്യനീതി (എ/ഒ.എസ്.) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# സായംപ്രഭ ഹോം

## പ്രശ്ന വിശകലനം

ഭാരതത്തിലെ മുതിർന്ന പൗരന്മാരുടെ സംഖ്യ ത്വരിതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മുതിർന്നവരുടെ വൈവിദ്ധ്യമാർന്ന പ്രശ്നങ്ങളിൽ എറ്റവും അധികം ശ്രദ്ധിക്കപ്പെടുന്നത് കുടുംബാന്തരീക്ഷത്തിൽ നിന്ന് ഒറ്റപ്പെട്ടു പോകുന്ന അവസ്ഥയാണ്. പകൽ സമയങ്ങളിൽ മക്കൾ ജോലിക്കും കൊച്ചു മക്കൾ സ്കൂളുകളിലും പോയിക്കഴിഞ്ഞാൽ വീട്ടിൽ തികച്ചും ഒറ്റപ്പെട്ട ഒരവസ്ഥ വീടുകളിൽ വയോജനങ്ങൾ അനുഭവിക്കുന്നുണ്ട്. വിധവകളായ മുതിർന്ന സ്ത്രീകളും ഭാര്യ നഷ്ടപ്പെട്ട മുതിർന്ന പുരുഷന്മാരും വീട്ടിൽ ഒറ്റപ്പെടുന്നു.

സ്വഗൃഹത്തിൽ തന്നെ വാർദ്ധക്യകാലം എന്ന തത്വം പ്രോത്സാഹിപ്പിക്കാനാണ് 2013 ലെ മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം വിഭാവനം ചെയ്യുന്നത്. എന്നാൽ പകൽ സമയങ്ങളിൽ നേരിടേണ്ടിവരുന്ന ഈ ഒറ്റപ്പെടലുകളിൽ നിന്ന് മുതിർന്ന പൗരന്മാർക്ക് മോചനം ലഭ്യമാക്കുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ ആവശ്യമായ കരുതലുകൾ ആരംഭിക്കേണ്ടിയിരുക്കുന്നു.

## ലക്ഷ്യം

മറ്റുപ്രായത്തിലുള്ളവർ അനുഭവിക്കുന്ന എല്ലാ അവകാശങ്ങളും തുല്യതോതിൽ മുതിർന്ന പൗരന്മാർക്കും അനുഭവിക്കാനുള്ള അവകാശം നിലവിലുണ്ട്. എന്നാൽ ജീവിത സാഹചര്യവും സാമൂഹിക അന്തരീക്ഷവും അവർക്ക് പലപ്പോഴും ഇതിന് തടസ്സം സൃഷ്ടിക്കാറുണ്ട്. ഈ തടസ്സങ്ങൾ ഒഴിവാക്കി മുതിർന്ന പൗരന്മാരേയും മറ്റുള്ളവർക്കൊപ്പം മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് മികച്ച ജീവിത സാഹചര്യം സൃഷ്ടിക്കേണ്ടതുണ്ട്. 2013 ലെ മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയത്തിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിലും കമ്മ്യൂണിറ്റി കെയർ സെന്ററുകൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ വിഭാവനം ചെയ്യുന്നു. മുതിർന്ന പൗരന്മാർ വീടുകളിൽ അനുഭവിക്കുന്ന ഒറ്റപ്പെടലുകൾ ഒഴിവാക്കുക, പോഷക സമ്പുഷ്ടമായ ആഹാരം രണ്ടു നേരം നൽകുക, മാനസികോല്ലാസ പരിപാടികളിൽ സമപ്രായക്കാരുമായി ഇടപെടാൻ അവസരം ഒരുക്കുക, കൗൺസിലിംഗ് ഏർപ്പെടുത്തുക, നിയമസഹായങ്ങൾ, യോഗ, മെഡിറ്റേഷൻ എന്നിവ നൽകി മാനസിക ശാരീരിക ആരോഗ്യം നിലനിർത്തുക എന്നീ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് സർക്കാർ ലക്ഷ്യമിടുന്നു. ഈ ലക്ഷ്യപ്രാപ്തിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ

നടത്തിവരുന്ന പകൽ പരിപാലന കേന്ദ്രങ്ങളിൽ നിന്നും സർക്കാർ പദ്ധതിയായ "സായംപ്രഭ" പദ്ധതിയുടെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് പര്യാപ്തമായ തെരഞ്ഞെടുക്കപ്പെടുന്ന 70 പകൽ പരിപാലന കേന്ദ്രങ്ങളിലൂടെ മേൽപ്പറഞ്ഞ സേവനങ്ങൾ മുതിർന്ന പൗരന്മാർക്ക് നൽകുവാനുമാണ് സാമൂഹ്യനീതി വകുപ്പ് ലക്ഷ്യമിടുന്നത്.

**ഗുണഭോക്താക്കൾ**

ബന്ധപ്പെട്ട പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷനിലെ 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാരെയാണ് ഗുണഭോക്താക്കളായി പരിഗണിക്കുന്നത്. കുറഞ്ഞത് 20 ഗുണഭോക്താക്കൾക്കെങ്കിലും ഒരു സായംപ്രഭ ഹോമിലൂടെ സേവനം നൽകാവുന്നതാണ്.

**മോണിറ്ററിംഗ്**

ബന്ധപ്പെട്ട പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ അദ്ധ്യക്ഷൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ബന്ധപ്പെട്ട വാർഡ് മെമ്പർമാർ, അലോപ്പതി ഡോക്ടർ, ആയുർവേദ ഡോക്ടർ, ഹോമിയോ ഡോക്ടർ, CDS ചെയർപേഴ്സൺ, CDPO, സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട സമിതി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

**മാനേജ്മെന്റ് കമ്മിറ്റി**

സായംപ്രഭ ഭവനങ്ങളുടെ നടത്തിപ്പിനായി സർക്കാർ ക്ഷേമസ്ഥാപനങ്ങളിൽ നിലവിലുള്ള മാനേജ്മെന്റ് കമ്മിറ്റിക്ക് സമാനമായി പഞ്ചായത്തിന്/ മുൻസിപ്പാലിറ്റിക്ക് / കോർപ്പറേന് യുക്തമെന്ന് കാണുന്ന വ്യക്തികളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും സായംപ്രഭ ഭവനങ്ങളുടെ നടത്തിപ്പ് ചുമതല ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതും ആണ്.

**പ്രധാന പ്രവർത്തനങ്ങൾ**

1) 60 വയസ്സ് കഴിഞ്ഞവർക്ക് പഞ്ചായത്ത് തലത്തിൽ പകൽ ഒത്തുകൂടുന്നതിന് സൗകര്യമൊരുക്കുക.
2) വൃദ്ധജനങ്ങൾക്ക് മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സായംപ്രഭ ഭവനങ്ങളിൽ ഒരുക്കുക.
3) വൃദ്ധ പരിപാലന നിയമങ്ങളേയും, മാനസികവും ശാരീരികവും ആരോഗ്യകരവുമായ വിഷയങ്ങളേയും സംബന്ധിച്ച് ആഴ്ചയിൽ ഒരു ദിവസം എങ്കിലും നിയമ വിദഗ്ദ്ധർ, പോലീസ് ഓഫീസർമാർ, മെഡിക്കൽ

ഓഫീസർമാർ, സൈക്കോസോഷ്യൽ കൗൺസിലർമാർ എന്നിവർ മുഖാന്തിരം ക്ലാസ്സുകൾ സംഘടിപ്പിക്കുക.

4) മാനസിക ശാരീരിക ഉല്ലാസത്തിന് ഉതകുന്ന യോഗ ക്ലാസ്സുകൾ ആഴ്ചയിൽ ഒരു ദിവസമെങ്കിലും സംഘടിപ്പിക്കുക.
5) ശാരീരിക പരിരക്ഷയ്ക്കു ആവശ്യമായ മെഡിക്കൽ പരിശോധന കൃത്യമായ കാലയളവുകളിൽ നടത്തുക.
6) പോഷകാഹാരക്കുറവുള്ള വൃദ്ധജനങ്ങൾക്ക് 2 നേരമെങ്കിലും പഞ്ചായത്തുകളുടെ സഹായത്തോടെ ഭക്ഷണം എത്തിച്ച് കൊടുക്കുക.

**ഇംപ്ലിമെന്റിംഗ് ഓഫീസർ**

ജില്ലാതലത്തിൽ ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷനുകളിൽ അതാത് ICDS സൂപ്പർവൈസർമാർക്കും ആയിരിക്കും. ഒന്നിൽ കൂടുതൽ ICDS സൂപ്പർവൈസർമാർ പ്രവർത്തിയെടുക്കുന്ന പഞ്ചായത്തുകളിൽ ശിശുവികസന പദ്ധതി ഓഫീസർമാർ ICDS സൂപ്പർവൈസറെ നിശ്ചയിച്ച് നൽകേണ്ടതാണ്. പദ്ധതി നടപ്പാക്കുന്നതിനായി ഇംപ്ലിമെന്റിംഗ് ഓഫീസറായ ICDS സൂപ്പർവൈസറുടേയും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിയുടെയും പേരിൽ നാഷണലൈസ്ഡ് ബാങ്കിലോ / സഹകരണ ബാങ്കിലോ ഒരു ജോയിന്റ് അക്കൗണ്ട് ഓപ്പൺ ചെയ്ത് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുക ചെലവഴിക്കാവുന്നതാണ്.

**കെയർ ഗീവർമാരുടെ നിയമനം**

പദ്ധതി നടത്തിപ്പിലേയ്ക്കായി കെയർഗീവർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കേണ്ടത് അതാത് പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തോടെ ഇംപ്ലിമെന്റിംഗ് ഓഫീസറായിരിക്കണം. സെലക്ഷൻ ആവശ്യമായ പരസ്യം നൽകേണ്ടതുണ്ട്. കെയർഗീവർമാർ പ്രീ-ഡിഗ്രിയോ തതുല്യ പരീക്ഷയോ പാസ്സായിരിക്കണം. ജീറിയാട്രിക് കെയറിൽ കുറഞ്ഞത് 3 മാസത്തെ പരിശീലനം പൂർത്തിയായവരായിരിക്കണം. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, മെഡിക്കൽ ഓഫീസർ PHC, പഞ്ചായത്ത് സെക്രട്ടറി, ICDS സൂപ്പർവൈസർ എന്നിവരടങ്ങിയ ഒരു കമ്മിറ്റിയാണ് സെലക്ഷൻ നടത്തേണ്ടത്. കരാർ 12 മാസത്തേക്ക് ആയിരിക്കേണ്ടതും ഒരു മാസത്തേയ്ക്ക് പരമാവധി നൽകുന്ന തുക 14,000/- രൂപയായി നിജപ്പെടുത്തേണ്ടതുമാണ്. സെലക്ഷൻ നടപടി പൂർത്തിയായാൽ നിയമിതയാകുന്ന ആളുമായി ഇംപ്ലിമെന്റിംഗ് ഓഫീസർ നിയമന കരാറിൽ ഏർപ്പെടേണ്ടതുമാണ്.

## ധനകാര്യവിശകലനം

നിലവിൽ സംസ്ഥാനത്ത്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന തിരഞ്ഞെടുക്കപ്പെട്ട 100 പകൽ വീടുകളിലൂടെ കുറഞ്ഞത് 2000 ഗുണ ഭോക്താക്കളെയാണ് (20x100) പ്രാരംഭ ഘട്ടത്തിൽ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

## ചെലവ്

| | | | |
|---|---|---|---|
| 1 | Yoga / Meditation ക്ലാസ്സ് (ആഴ്ചയിൽ ഒരു ദിവസം) (ഏതെങ്കിലും യോഗ സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായ ഇൻസ്ട്രക്ടർമാർ ആയിരിക്കണം. | @ 450 X 4 X 12X 70 | 15,12,000/- |
| 2 | കെയർഗിവർ ഹോണറേറിയം (ജെറിയാട്രിക കെയറിൽ പരിശീലനം നേടിവർ) | 14000X12X70 | 1,17,60,000/- |
| 3 | TV 32 Inch LED/HD | 30000x70 | 21,00,000/- |
| 4 | Easy Chair | 4000x3x | 8,40,000/- |
| 5 | Anjili wood single cot (കിടക്ക ഭാഗം ഉൾപ്പെടെ തടിയുള്ളത്) 200x90 cm. | @10000x2x70 | 14,00,000/- |
| 6 | Plastic Chair (Arm Chair Premium Quality) | @500x25x70 | 8,75,000/- |
| 7 | ടേബിൾ ഡബിൾ ഡ്രോയർ (ആഞ്ഞിലി 120x60x75cm) | @6500x70 | 4,55,000/- |
| 8 | കണ്ടിജൻസി ചെലവുകൾ | @9400x70 | 6,58,000/- |
| | | | **1,96,00,000/-** |

ഈ പദ്ധതിയുടെ നടത്തിപ്പിനായി 1,96,00,000/- (ഒരു കോടി തൊണ്ണൂറ്റി ആറ് ലക്ഷം രൂപ മാത്രം) ചെലവു പ്രതീക്ഷിക്കുന്നു. ടി തുക 2235-02-104-82 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള (സായംപ്രഭ) 5 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണ്. തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വഴി അനുവദിക്കാവുന്നതാണ്.

സാമൂഹ്യനീതി ഡയർക്ടർക്കു വേണ്ടി.